**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പയ്യന്നൂർ നഗരസഭ — ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 595/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 03/03/2017

---

പരാമർശം : 1) പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 22/11/2016 തീയതിയിലെ 22-ാം നമ്പർ തീരുമാനം.

2) പയ്യന്നൂർ നഗരസഭാ സെക്രട്ടറിയുടെ 23/11/2016 ലെ ജി1-652/06 നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 23/01/2017 ലെ ഇ 7-2723/2016 നമ്പർ കത്ത്.

**ഉത്തരവ്**

44 വാർഡുകളുള്ള പയ്യന്നൂർ നഗരസഭയിൽ 3 ബിൽ കളക്ടർമാരാണ് നിലവിലുള്ളതെന്നും, പല പദ്ധതികളും നഗരസഭയ്ക്ക് ഏറ്റെടുക്കേണ്ടി വരുന്നതിനാൽ ജീവനക്കാരുടെ അഭാവം നഗരസഭയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും, ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനും നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുമായി 3 ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പയ്യന്നൂർ നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. 2016-2017 സാമ്പത്തിക വർഷം അവസാനിക്കുന്ന 2017 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് 3 ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പയ്യന്നൂർ നഗരസഭാ സെക്രട്ടറിയുടെ കത്തും, നഗരസഭാ കൗൺസിൽ തീരുമാനവും, നഗരകാര്യ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് പയ്യന്നൂർ നഗരസഭയിൽ ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനും നികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിനുമായി 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 2016-2017 സാമ്പത്തിക വർഷം അവസാനിക്കുന്ന 2017 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് 3 ക്ലാർക്കുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പയ്യന്നൂർ നഗരസഭ
ചെയർമാൻ, പയ്യന്നൂർ നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ